പതിന്നാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3277 | 10/12/2018 ൽ മറുപടിക്ക്

## റവന്യൂ/സർവ്വേ വകുപ്പുകളിലുള്ള ഐ.ടി./കമ്പ്യൂട്ടർ സെൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.മുരളീധരൻ | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) റവന്യൂ/സർവ്വേ വകുപ്പുകളിലുള്ള ഐ.ടി./കമ്പ്യൂട്ടർ സെൽ എന്നിവയുടെ പ്രവർത്തന രീതി വിശദമാക്കുമോ; | (എ) റവന്യൂ/സർവ്വേ വകുപ്പുകളിലുള്ള ഐ.ടി./കമ്പ്യൂട്ടർ സെൽ എന്നിവയുടെ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു. |

### റവന്യൂ വകുപ്പിലെ ഐ.ടി./കമ്പ്യൂട്ടർ സെൽ എന്നിവയുടെ പ്രവർത്തനരീതി

റവന്യൂ വകുപ്പിൽ നടപ്പിലാക്കി വരുന്ന ഇ-ഗവേണൻസ് പ്രോജക്ടുകളുടെ സംസ്ഥാന തലത്തിലുള്ള മേൽനോട്ടവും ഏകോപനവും നടത്തിവരുന്നത് ലാന്റ് റവന്യൂ കമ്മീഷണറേറ്റിൽ പ്രവർത്തിക്കുന്ന സ്റ്റേറ്റ് ഐ.റ്റി സെല്ലാണ്. റവന്യൂ വകുപ്പിൽ ഇപ്പോൾ നടപ്പിലാക്കിവരുന്ന ഇ ഗവേണൻസ് പദ്ധതികളായ ഇ-ഡിസ്ട്രിക്ട്, ഇന്റർഗ്രേറ്റഡ് ലാൻഡ് ഇൻഫർമേഷൻ സിസ്റ്റം, റവന്യൂ ഇ-പെയ്മെന്റ്, ഭൂനികുതി ഓൺലൈനായി സ്വീകരിക്കുന്നതിനുള്ള സംവിധാനം, റവന്യൂ റിക്കവറി ഓൺലൈൻ, ഇ-ട്രഷറി, ഇ-പ്രൊക്വയർമെന്റ്, ഡിജിറ്റൽ ഇൻഡ്യ ലാൻഡ് റെക്കോർഡ്സ് മോഡണൈസേഷൻ പ്രോഗ്രാം, (DILRMP) തുടങ്ങിയ പ്രോജക്ടുകളുടെ നിർവ്വഹണ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

കൂടാതെ കേരളത്തിലെ എല്ലാ റവന്യൂ ഓഫീസുകളെയും ഓൺലൈനായി ബന്ധിപ്പിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന റവന്യൂ റിക്കവറി ഉൾപ്പെടെയുള്ള സമഗ്ര ഇ-പെയ്മെന്റ് സംവിധാനം,

കേരള ബിൽഡിംഗ് ടാക്സ്, ലാന്റ് റെക്കോർഡ് മെയിന്റൻസ്, ലാൻഡ് റിലിംക്വിഷ്മെന്റ്, ജില്ലാ പരാതിപരിഹാരസംവിധാനം, സമഗ്ര അസെറ്റ് മാനേജ്മെന്റ് സംവിധാനം, വിവരാവകാശ നിയമപ്രകാരമുള്ള രേഖകളുടെ വിഖ്യാപനം, മാനവശേഷിപരിപാലന സംവിധാനം, റവന്യൂ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ്, റവന്യൂ വകുപ്പ് മുഖേന നൽകിവരുന്ന എല്ലാ സേവനങ്ങൾക്കുമായുള്ള സിംഗിൾ-സൈൻ-ഓൺ സൗകര്യത്തോടെയുള്ള ഏകജാലക സംവിധാനമായ സമഗ്ര റവന്യൂ പോർട്ടലും മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റവും, ജി.ഐ.എസ് അധിഷ്ഠിത സംയോജിത ലാൻഡ് ഇൻഫർമേഷൻ സിസ്റ്റവും ലാൻഡ് റെക്കോർഡ്സ് പോർട്ടലും സമഗ്ര സിറ്റിസൺ ഇൻഫർമേഷൻ സിസ്റ്റം തുടങ്ങിയവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളും ഐ.റ്റി സെൽ മുഖാന്തിരം ദ്രുതഗിതിയിൽ നടന്നുവരുന്നു.

കേന്ദ്ര-സംസ്ഥാന സർക്കാരുകളിലേയ്ക്ക് സമർപ്പിക്കുന്നതിനായുള്ള വകുപ്പ് നവീകരണവും കമ്പ്യൂട്ടറൈസേഷനുമായി ബന്ധപ്പെട്ട പദ്ധതി രേഖകൾ തയ്യാറാക്കുക, വകുപ്പിലെ വിവിധ സേവനങ്ങൾക്കും നടപടികൾക്കുമായി വ്യവസ്ഥ ചെയ്തിട്ടുള്ള നടപടിക്രമങ്ങൾ, അനുവർത്തിക്കേണ്ട നടപടിക്രമങ്ങൾ എന്നിവയുടെ സാങ്കേതിക വിദ്യയിലധിഷ്ഠിതമായ പ്രോസ്സസ് റി-എഞ്ചിനിയറിംഗ് തുടങ്ങിയ പ്രവർത്തനങ്ങളും സ്റ്റേറ്റ് ഐറ്റി സെല്ലിന്റെ മേൽനോട്ടത്തിൽ നടന്നുവരികയാണ്. സ്കെച്ചുകളുടെ വെക്ടറൈസേഷൻ, അവയെ വില്ലേജ് റെക്കോർഡുകളുമായുള്ള ബന്ധിപ്പിക്കൽ, മോഡേൺ റെക്കോർഡ് റൂം, ഡോക്യുമെന്റ് മാനേജ്മെന്റ് സിസ്റ്റത്തിലൂടെ രേഖകളുടെ പരിപാലനം എന്നിങ്ങനെ സമയബന്ധിതമായി വകുപ്പിലെ സമ്പൂർണ്ണ കമ്പ്യൂട്ടർവത്ക്കരണം സാദ്ധ്യമാക്കുക എന്ന ലക്ഷ്യത്തോടെ പ്രവർത്തനങ്ങൾ നടന്നു വരികയാണ്.

ഭൂരേഖ കമ്പ്യൂട്ടർവത്ക്കരണം റവന്യൂ വകുപ്പിന്റെ വിവിധ വിഭാഗങ്ങളും രജിസ്ട്രേഷൻ വകുപ്പും മുഖേനയാണ് നടപ്പിലാക്കി വരുന്നത്. നിലവിൽ

വ്യത്യസ്ത ഡാറ്റാബേസുകൾ കൈകാര്യം ചെയ്തുവരുന്നത് രൂപാന്തരം വരുത്തി ഒരൊറ്റ പോർട്ടലിനു കീഴിൽ സംയോജിത ലാൻഡ് ഇൻഫർമേഷൻ സിസ്റ്റം (ഭൂരേഖ പോർട്ടൽ) ഒരുക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. എല്ലാ റവന്യൂ വിഷയങ്ങളും, ജനങ്ങൾക്ക് നേരിട്ട് നൽകുന്നതും മറ്റു വകുപ്പുകൾക്ക് നൽകുന്നതുമായ സേവനങ്ങളും ഒരു കുടക്കീഴിൽ കൊണ്ടുവരുന്നതിനായി റവന്യൂ പോർട്ടൽ തയ്യാറാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു.

## സർവ്വെ വകുപ്പിലെ ഐ.ടി./കമ്പ്യൂട്ടർ സെൽ എന്നിവയുടെ പ്രവർത്തനരീതി

സർവ്വെയും ഭൂരേഖയും വകുപ്പിൽ വിർച്വൽ ഐ.റ്റി കേഡർ രൂപീകരിക്കുന്നതിന്റെ ഭാഗമായി ഐ.റ്റി അനുബന്ധ യോഗ്യതയുള്ള വകുപ്പിലെ വിവിധ ജില്ലകളിൽ ജോലി ചെയ്യുന്ന ജീവനക്കാരിൽ നിന്നും 18 പേരെ തിരഞ്ഞെടുത്തിട്ടുള്ളതും അവർക്ക് ഐ.ടി സംബന്ധിച്ചുള്ള ട്രെയിനിംഗ് ടെക്നോപാർക്കിലെ ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആന്റ് മാനേജ്മെന്റിൽ വച്ച് നടത്തുകയും ചെയ്തിട്ടുള്ളതാണ്. ഇപ്രകാരം ട്രെയിനിംഗ് പൂർത്തിയാക്കിയിട്ടുള്ള ജീവനക്കാർ, നിലവിൽ അവർ ജോലി ചെയ്തുവരുന്ന ജില്ലയിലെ ഐ.റ്റി സംബന്ധമായ ജോലികൾ നിർവ്വഹിച്ചുവരുന്നു. കൂടാതെ വകുപ്പിൽ നിന്നും പി.ജി Diploma in e Governance (PGDeG) എന്ന കോഴ്സ് പൂർത്തിയാക്കിയിട്ടുള്ളവരെയും ഐ.റ്റി അനുബന്ധ ജോലികൾ നിർവ്വഹിക്കുന്നതിന് ചുമതലപ്പെടുത്താറുണ്ട്.

| | |
|---|---|
| (ബി) ഈ വകുപ്പിനു കീഴിൽ ആരംഭിച്ച പുതിയ പദ്ധതികൾ ഏതെല്ലാം ; അനുവാദം ഇല്ലാതെ എത്ര പദ്ധതികൾ അനധികൃതമായി തുടങ്ങി ; വിശദമാക്കുമോ ? | (ബി) റവന്യൂ വകുപ്പിന്റെ കീഴിൽ ആധുനിക വത്ക്കരണവുമായി ബന്ധപ്പെട്ട് സംയോജിത ഓൺലൈൻ പോക്കുവരവ് (Online mutation), ഇ-പെയ്മെന്റ്, ഇ-ഓഫീസ് എന്നീ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. അനുവാദമില്ലാതെ യാതൊരു പദ്ധതിയും തുടങ്ങിയിട്ടില്ല.<br>സർവ്വെ വകുപ്പിന്റെ കീഴിൽ ഐ.ടി. സംബന്ധിമായി പുതിയ പദ്ധതികൾ ഒന്നും തന്നെ ആരംഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ